**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – എറണാകുളം ജില്ല - മഴുവന്നൂർ ഗ്രാമപഞ്ചായത്ത് - മണ്ണൂർ 3-ാം വാർഡ് മാവേലിസ്റ്റോറിന്റെ വാടക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 89/2019/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 18/01/2019

പരാമർശം:- 1. മഴുവന്നൂർ ഗ്രാമപഞ്ചായത്തിന്റെ 13/08/2018 ൽ നടന്ന സാധാരണ/അടിയന്തര മീറ്റിംഗിലെ 29(7) നമ്പർ തീരുമാനം

2. മഴുവന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05/12/2018 ലെ കത്ത്.

**ഉത്തരവ്**

മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ മണ്ണൂർ മൂന്നാം വാർഡിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കെട്ടിടത്തിന് പി.ഡബ്യു.ഡി അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ 9,723/- രൂപ വാടക നിശ്ചയിച്ചുവെന്നും പ്രസ്തുത വാടക കൂടുതലായതിനാൽ കെട്ടിട ഉടമയുമായി സംസാരിച്ച് 5,000/- രൂപ വീതം കെട്ടിട ഉടമയ്ക്ക് ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനമാകുകയും ടി തുക വാടക ഇനത്തിൽ നൽകുന്നതിന് അനുമതി നൽകണമെന്നാണ് മഴുവന്നൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഴുവന്നൂർ ഗ്രാമ പഞ്ചായത്തിലെ മണ്ണൂർ മൂന്നാം വാർഡിൽ അനുവദിച്ചിട്ടുള്ള മാവേലി സ്റ്റോർ പ്രവർത്തിക്കുന്നതിന് കെട്ടിടത്തിന്റെ പ്രതിമാസ വാടക 5,000/- (അയ്യായിരം) രൂപ നിരക്കിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
പ്രസിഡന്റ്, മഴുവന്നൂർ ഗ്രാമപഞ്ചായത്ത്, ഐരാപുരം പി.ഒ, എറണാകുളം-683541.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.